# യോഹന്നാന്റെ ജീവപഠനം

## ദൂത് അമ്പത്

## ആത്യന്തിക പരിസമാപ്തി

യോഹന്നാന്റെ സുവിശേഷത്തിന്റെ ജീവപഠനം നാം പൂർത്തിയാക്കിയെങ്കിലും, ഈ അദ്ധ്യായങ്ങളുടെയെല്ലാം പരിസമാപ്തി എന്ന നിലയിൽ ചിലതുകൂടി നാം ഇനിയും കാണേണ്ടിയിരിക്കുന്നു. അപ്പൊസ്തലനായ യോഹന്നാൻ, യോഹന്നാന്റെ സുവിശേഷം മാത്രമല്ല, തന്റെ ലേഖനങ്ങളും വെളിപ്പാട് പുസ്തകവും എഴുതിയിട്ടുണ്ട്. അവന്റെ എഴുത്തുകൾ മൂന്ന് പ്രധാന വകുപ്പുകളിൽപെട്ടവയാണ്. യോഹന്നാന്റെ സുവിശേഷം ജീവൻ പകരുന്നതിനും, അവന്റെ ലേഖനങ്ങൾ ദൈവത്തിന്റെ കെട്ടുപണിക്കുള്ള ജീവന്റെ കൂട്ടായ്മയ്ക്കും, വെളിപ്പാട് ദൈവത്തിന്റെ കെട്ടുപണിയുടെ പരിണതിക്കും വേണ്ടി ഉള്ളതാണ്. അങ്ങനെ, അവന്റെ എഴുത്തുകളിൽ ആത്മീയ കാര്യങ്ങളുടെ മൂന്ന് ഘട്ടങ്ങൾ ഉണ്ട്. ആദ്യഘട്ടം ജീവൻ പകരുന്നതിന്റെയും, രണ്ടാം ഘട്ടം ആത്മീയ വളർച്ചയുടെയും കെട്ടുപണിയുടെയും, അവസാനഘട്ടം പക്വതയുടെയും ദൈവത്തിന്റെ കെട്ടുപണിയുടെ പൂർത്തീകരണത്തിന്റെയും ആണ്. അതുകൊണ്ട്, ആത്മീയ കാര്യങ്ങളുടെ ആദ്യഘട്ടത്തോട് ബന്ധപ്പെട്ട യോഹന്നാന്റെ സുവിശേഷം പഠിച്ചശേഷം, നാം ആത്മീയ വളർച്ചയുടെ രണ്ടാം ഘട്ടത്തെ സംബന്ധിച്ചും, പക്വതയുടെയും പരിസമാപ്തിയുടെയുമായ മൂന്നാം ഘട്ടത്തെ സംബന്ധിച്ചും ചിലത് സൂചിപ്പിക്കുകയെങ്കിലും ചെയ്യണം. വെളിപ്പാട് എളുപ്പം മനസ്സിലാക്കാവുന്ന ഒരു പുസ്തകമല്ല; എന്നാലും തലമുറകളിലുടനീളമുള്ള ദൈവത്തിന്റെ ഇടപെടലുകളുടെ ആത്യന്തിക പരിസമാപ്തിയെ അഥവാ ആത്യന്തിക പൂർത്തീകരണത്തെ സംബന്ധിച്ച ചിലത് നമുക്ക് ലഭിക്കാവുന്നതാണ്.

## അവന്റെ വരവും അവന്റെ പോക്കും

യോഹന്നാന്റെ സുവിശേഷം രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു എന്നു നാം കണ്ടു: ഒന്നു മുതൽ പതിമൂന്നു വരെയുള്ള അദ്ധ്യായ

ങ്ങളും പതിനാലു മുതൽ ഇരുപത്തിയൊന്നു വരെയുള്ള അദ്ധ്യായ ങ്ങളും. ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, ആദ്യഭാഗത്ത്, ദൈവ ത്തെ മനുഷ്യനിലേക്ക് കൊണ്ടുവരുവാനായി ദൈവപുത്രനെന്ന നില യിൽ കർത്താവ് വരുകയും, രണ്ടാം ഭാഗത്ത് മനുഷ്യനെ ദൈവത്തി ലേക്ക് കൊണ്ടുവരുവാൻ അവൻ പോകുകയും ചെയ്തു. അതായത്, മനുഷ്യന്റെ അടുത്തേക്ക് വരുകയും, ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരികയും, ദൈവത്തെ മനുഷ്യനോട് ഇഴുകിച്ചേർക്കുകയും ചെയ്ത ദൈവത്തിന്റെ പ്രത്യക്ഷതയാണ് കർത്താവ് എന്ന് ഒന്നാം ഭാഗം വെളിപ്പടുത്തുന്നു. യേശു എന്നു പേർ വിളിക്കപ്പെട്ട ചെറിയ മനുഷ്യൻ ദൈവത്തിന്റെതന്നെ മനുഷ്യനുമായുള്ള ഇഴുകിച്ചേരലാണ്; അവൻ മനുഷ്യനുമായുള്ള ദൈവത്തിന്റെ ഐക്യമാണ്. അവനിലും അവനിലൂടെയും, ദൈവം മനുഷ്യനുമായി ഒന്നാണ്. യേശു എന്നു പേർ വിളിക്കപ്പെട്ട ഈ ചെറിയ മനുഷ്യനിൽ, നാം ദൈവത്തെ കാണുന്നു(ദൈവം അവനോടുകൂടെ ഉണ്ട്); നാം മനുഷ്യനെ കാണുന്നു (മനുഷ്യൻ ദൈവത്തോടുകൂടെ ഉണ്ട്); മത്തായി 1:23-ൽ, യേശുവിനെ ദൈവം നമ്മോടുകൂടെ അഥവാ ദൈവം മനുഷ്യനോടുകൂടെ എന്നർത്ഥ മുള്ള ഇമ്മാനുവേൽ എന്ന് പറഞ്ഞിരിക്കുന്ന ദൈവം തന്റെ ജഡാവ താരത്തിലൂടെ സ്വയം മനുഷ്യനുമായി ഇഴുകിച്ചേർന്നു. ഇത് കർത്താ വിന്റെ വരവിനെ സൂചിപ്പിക്കുന്നു.

ഈ സുവിശേഷത്തിന്റെ രണ്ടാം ഭാഗം കർത്താവിന്റെ പോക്കിനെ സൂചിപ്പിക്കുന്നു. ആദ്യം, അവൻ ദൈവത്തിൽനിന്ന് മനുഷ്യന്റെ അ ടുത്തേക്ക് വന്നു. പിന്നെ അവൻ മനുഷ്യന്റെ അടുക്കൽനിന്ന് ദൈവ ത്തിന്റെ അടുത്തേക്ക് പോകുകയും, മനുഷ്യനെ ദൈവത്തിലേക്ക് കൊണ്ടുവരുകയും ചെയ്തു. അവന്റെ മരണപുനരുത്ഥാനങ്ങൾ, മനു ഷ്യന് ദൈവത്തിലേക്ക് പ്രവേശിക്കുവാനുള്ള മാർഗ്ഗം ഒരുക്കി. വീണു പോയ മനുഷ്യൻ ദൈവത്തിൽനിന്ന് വേർപെട്ടവനും അവനിൽനിന്ന് വളരെ അകന്നുപോയവനും ആയിരുന്നു. എന്നാൽ തന്റെ മരണത്തിൽ അകൽച്ചയും മനുഷ്യനെ ദൈവത്തിൽനിന്ന് അകറ്റിയതായ എല്ലാ തടസ്സങ്ങളും കർത്താവ് ഇല്ലായ്മ ചെയ്തു. ഇപ്പോൾ, ക്രിസ്തുവിന്റെ മരണം മുഖാന്തരവും അവന്റെ രക്തത്താലും, മനുഷ്യനെ ദൈവ ത്തിന്റെ സന്നിധിയിലേക്ക്-ദൈവത്തിന്റെ സന്നിധിയിലേക്ക് മാത്ര മല്ല, ദൈവത്തിലേക്കുതന്നെയും- കൊണ്ടുവരുവാൻ കഴിയും. തന്റെ മരണപുനരുത്ഥാനങ്ങളിലൂടെ, കർത്താവ്, മനുഷ്യന്റെ അടുക്കൽനിന്ന് ദൈവത്തിന്റെ അടുക്കലേക്ക് മടങ്ങിപ്പോയി എന്നു മാത്രമല്ല; അവൻ മനുഷ്യനോടൊപ്പം ദൈവത്തിന്റെ അടുക്കലേക്ക് പോകുകയും മനു ഷ്യനെ ദൈവത്തിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്തു. അതുകൊണ്ട്, അവന്റെ വരവിനാൽ, ദൈവം മനുഷ്യനുമായി ഇഴുകിച്ചേരുകയും അവന്റെ പോക്കിനാൽ മനുഷ്യൻ ദൈവത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു. കർത്താവിന്റെ വരവിനാലും പോക്കിനാലും ദൈവവും മനു ഷ്യനും, മനുഷ്യനും ദൈവവും, ഒന്നായി ഇഴുകിച്ചേരുന്നു.

## ദൈവം മനുഷ്യനിൽ

ഈ സുവിശേഷത്തെ വീക്ഷിക്കുവാൻ മറ്റൊരു മാർഗ്ഗമുണ്ട്: ഇതിനെ മൂന്ന് ഭാഗങ്ങളായി തിരിക്കാവുന്നതാണ്. ആദ്യത്തെ പതിനേഴ് അദ്ധ്യായങ്ങൾ, ദൈവം മനുഷ്യനിൽ വെളിപ്പെട്ടു എന്ന് വെളിപ്പെടുത്തുന്നു. ദൈവംതന്നെ, സർവ്വശക്തനും അപരിമേയനും അതിരില്ലാത്തവനും നിത്യനും ആയ ദൈവം, ഒരു മനുഷ്യനിൽ വെളിപ്പെട്ടു എന്നു കാണിക്കുന്ന ഒരു ചിത്രം ആദ്യത്തെ പതിനേഴ് അദ്ധ്യായങ്ങൾ അവതരിപ്പിക്കുന്നു. ഈ അദ്ധ്യായങ്ങൾ, ഒരു മനുഷ്യന്റെ, മാംസവും രക്തവും ഉള്ള ഒരു യഥാർത്ഥ മനുഷ്യന്റെ, ഭൂമിയിൽ ജീവിക്കുകയും ദൈവത്തെ വെളിപ്പെടുത്തുകയും ചെയ്ത ഒരു മനുഷ്യന്റെ ചരിത്രമാണ്. കർത്താവായ യേശു ഒരു മനുഷ്യനായി ഭൂമിയിൽ ജീവിച്ചപ്പോൾ, അവൻ മനുഷ്യജീവനാൽ ജീവിച്ചില്ല; മറ്റൊരു ജീവനാൽ, ദൈവത്തിന്റെ ജീവനാൽ അവൻ ജീവിച്ചു. ഈ പതിനേഴ് അദ്ധ്യായങ്ങളിൽ ഈ മനുഷ്യനിലൂടെ ജീവിച്ച ഒരു മനുഷ്യജീവനല്ല നാം കാണുന്നത്; പിന്നെയോ അവനിലുടെ ജീവിച്ച ദിവ്യജീവനാണ് നാം കാണുന്നത്. അങ്ങനെ, അതിരില്ലാത്തവനും അപരിമേയനും ആയ ദൈവം ഈ ചെറിയ മനുഷ്യനിലൂടെ വെളിപ്പെട്ടു. ഇക്കാരണത്താൽ ആണ് കർത്താവ് പലപ്പോഴും ജനത്തോട് താൻ സ്വയമായല്ല പിതാവിൽനിന്നു കേട്ടത് സംസാരിച്ചു എന്ന് പറഞ്ഞത്(12:49). അവൻ സംസാരിച്ചതെല്ലാം പിതാവിൽനിന്നു കേട്ടതായിരുന്നു, കാരണം പിതാവായിരുന്നു അവനിൽ സംസാരിച്ചത്. മാത്രമല്ല, അവൻ ചെയ്തതൊന്നും സ്വയമായി ചെയ്തതായിരുന്നില്ല(5:30). അവൻ സകലവും പിതാവിലും പിതാവിനാലും ചെയ്തു, കാരണം പിതാവ് അവനിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. അവൻ ജീവിച്ചത് മനുഷ്യജീവനാലല്ല, ദൈവജീവനാൽ ആയിരുന്നതുകൊണ്ട്, ദൈവം അവനിലും അവനിലൂടെയും വെളിപ്പെട്ടു.

## ജീവൻ മരണത്തിൽ

Tue — നാം ഈ സുവിശേഷം മൂന്നു ഭാഗമായി തിരിക്കുമെങ്കിൽ, രണ്ടാം ഭാഗത്ത്, പതിനെട്ടും പത്തൊമ്പതും അദ്ധ്യായങ്ങൾ ഉണ്ടായിരിക്കും. കർത്താവ് എങ്ങനെ പിടിക്കപ്പെട്ടുവെന്നും, വിചാരണ ചെയ്യപ്പെട്ടുവെന്നും, മരണത്തിന് വിധിക്കപ്പെട്ടുവെന്നും, ക്രൂശിൽ തറയ്ക്കപ്പെട്ടുവെന്നും, ഉള്ളതിന്റെ ഒരു ചിത്രം ഈ രണ്ടു അദ്ധ്യായങ്ങളിൽ നാം കാണുന്നു. എന്നാൽ ഈ ചിത്രം, മരണത്തിലൂടെ വെളിപ്പെട്ട ജീവന്റെ വെളിപ്പാടാണ് എന്നു നാം തിരിച്ചറിയണം. ഈ സുവിശേഷത്തിന്റെ ആദ്യഭാഗത്ത്, ദൈവം മനുഷ്യനിൽ വെളിപ്പെടുന്നു; രണ്ടാം ഭാഗത്ത്, ജീവൻ മരണത്തിൽ വെളിപ്പെടുന്നു. പതിനെട്ടും പത്തൊമ്പതും അദ്ധ്യായങ്ങളിൽ കർത്താവായ യേശുവിന് സംഭവിച്ചതായ

സകലവും മരണത്തിന്റെ ഒരു വശമായിരുന്നു. യൂദാ കർത്താവിനെ ഒറ്റിക്കൊടുക്കുന്നത്, കർത്താവിനെ പിടികൂടുവാൻ പടയാളികളെ അവൻ കൊണ്ടുവരുന്നത്, പ്രധാന പുരോഹിതന്റെയും പീലാത്തൊസിന്റെയും മുമ്പാകെയുള്ള ന്യായവിധി, കർത്താവിനോടുള്ള ക്രൂരമായ പെരുമാറ്റം, അവന് എതിരായുള്ള തെറ്റായ ശിക്ഷാവിധി, അവൻ ക്രൂശിന്മേൽ ആണികൊണ്ട് തറയ്ക്കപ്പെടുന്നത്-എല്ലാം മരണത്തിന്റെ വശങ്ങൾ ആയിരുന്നു. എന്നിരുന്നാലും, ഈ അദ്ധ്യായങ്ങളിൽ കർത്താവിന് സംഭവിച്ചവയൊന്നും അവനെ മരണത്തിലാക്കിയില്ല. കർത്താവിനെ മരണത്തിലാക്കി എന്നു നാം പറഞ്ഞാൽ, നമുക്ക് തെറ്റി. കർത്താവ് മരണത്തിലേക്ക് സ്വമേധയാ പോയി. അവൻ മനുഷ്യനിലേക്ക് വന്ന ദൈവം ആയിരുന്നതുപോലെതന്നെ, ഇപ്പോൾ അവൻ മരണത്തിലേക്കു പോകുന്ന ജീവൻ ആണ്. അവൻ, മനുഷ്യനിൽ വെളിപ്പെട്ട ദൈവം ആയിരുന്നതുപോലെ, ഇവിടെ അവൻ മരണത്തിൽ വെളിപ്പെട്ട ജീവൻ ആണ്.

പ്രപഞ്ചത്തിൽ ആകമാനം മരണത്തേക്കാൾ ശക്തിയുള്ളതായി ദൈവം അല്ലാതെ യാതൊന്നുമില്ല(ഉ.ഗീ.8:6). ആർക്കും എതിരിടുവാൻ കഴിയാതവണ്ണം അത് ശക്തമാണ്. പുനരുത്ഥാനത്തിന്റെ ദൈവത്തിനു മാത്രമേ അതിനെ ജയിക്കുവാൻ കഴിയുകയുള്ളൂ. മരണം ഒരു വ്യക്തിയുടെ അടുക്കൽ വരുമ്പോൾ, അത് കരുണയില്ലാത്തതും ശക്തവും ക്രൂരവും ആണ്. നിങ്ങളുടെ ഭാര്യയെയോ, മക്കളെയോ, കുടുംബത്തെയോ അത് ഗൗനിക്കുന്നില്ല. അതുകൊണ്ട്, എല്ലാവരും മരണത്തെ ഭയപ്പെടുന്നു; ആരും അതിലേക്ക് സ്വമേധയാ പോകുകയില്ല. മരണത്തിന് സന്ദർശിക്കുവാനായി ആര് മനസ്സോടെ തന്നെത്തന്നെ നൽകും? എന്നാൽ, ഈ രണ്ട് അദ്ധ്യായങ്ങളിൽ കർത്താവായ യേശു മരണത്തിലേക്ക് മനസ്സോടെ പോയി എന്ന് നാം കാണുന്നു. തോട്ടത്തിലേക്ക് പോകുവാനും തന്നെത്തന്നെ ജനത്തിന്റെ കൈകളിലേക്ക് ഏൽപ്പിക്കുവാനും അവൻ തീരുമാനിച്ചു. തന്നെ പിടിക്കുവാനായി വരുന്നവർ തോട്ടത്തിലേക്ക് വരും എന്നറിഞ്ഞുകൊണ്ടുതന്നെ, പിടിക്കപ്പെടുന്നതിനുവേണ്ടി അവൻ മനപ്പൂർവ്വം പോയി. ഇത് ചെയ്യുന്നതിലൂടെ താൻ ജീവൻ ആണെന്ന് അവൻ കാണിച്ചു. ജീവൻ വെളിപ്പെടുവാനുള്ള ഒരേയൊരു മാർഗ്ഗം മരണത്തിലേക്ക് പ്രവേശിക്കുകയാണ്. മരണത്തിലും മരണത്താലും യഥാർത്ഥ ജീവൻ വെളിപ്പെടുന്നു. 12:24-ൽ കർത്താവ്, ഒരു ഗോതമ്പുമണിയായി സ്വയം വിശേഷിപ്പിച്ചു. ഒരു ഗോതമ്പുമണിയിൽ ജീവൻ ഉണ്ടെന്ന് നാം എങ്ങനെ അറിയും? ഗോതമ്പുമണിയെ മരണത്തിൽ ആക്കിവയ്ക്കുന്നതിലൂടെ നാമത് അറിയും. ഗോതമ്പുമണി ഭൂമിയിൽ, അതായത്, മരണത്തിൽ കുഴിച്ചിടുന്നതിലൂടെ, ജീവൻ പുറത്തുവരുന്നു എന്ന് നാം കാണുന്നു. അങ്ങനെ മരണത്തിലൂടെ ഗോതമ്പുമണിയിലെ ജീവൻ വെളിപ്പെടുന്നു.

നിങ്ങൾ ഒരു മണൽതരി ഭൂമിയിൽ കുഴിച്ചിട്ടാൽ യാതൊന്നും പുറത്തുവരുകയില്ല. കാരണം അതിൽ ജീവൻ ഇല്ല. അങ്ങനെ, ജീവൻ വെളിപ്പെടുന്നതായ മാർഗ്ഗം മരണമാണ്.

നാം ചൂണ്ടിക്കാണിച്ചതുപോലെ, ഈ രണ്ട് അദ്ധ്യായങ്ങളിൽ കർത്താവായ യേശു അനുഭവിച്ച സകലവും മരണത്തിന്റെ ഒരു വശമായിരുന്നു. എന്നാൽ കർത്താവ് ജീവൻ ആയിരുന്നതുകൊണ്ട്, മരിക്കുവാൻ അവൻ ഭയപ്പെട്ടില്ല. അവൻ ഒരിക്കലും മരണം നിമിത്തം ഭയപ്പെടുകയോ വിഷമിക്കുകയോ ചെയ്തില്ല. മറിച്ച്, മരണത്തിന്റെ സകല ഭീഷണിയെയും ആക്രമണത്തെയും അവൻ വിജയകരമായി നേരിട്ടു. ശിഷ്യന്മാർ തന്നെ രക്ഷിക്കുവാൻ ശ്രമിച്ചപ്പോഴും,"വാൾ ഉറയിൽ ഇടുക; പിതാവ് എനിക്കു നൽകിയ പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ?(18:11) എന്നു പറഞ്ഞുകൊണ്ട് എതിർക്കരുത് എന്ന് അവൻ അവരോടു പറഞ്ഞു. തന്നെ പിടിക്കുവാൻ വന്നവരോട്, അവർ, "ആരെ തിരയുന്നു"എന്ന് കർത്താവായ യേശു ചോദിക്കുകയും, അവർ,"നസറായനായ യേശുവിനെ"എന്ന് മറുപടി പറയുകയും ചെയ്തപ്പോൾ അവൻ പറഞ്ഞു,"ഞാൻ ആകുന്നു"എന്ന് (18:5-6). "ഞാൻ ആകുന്നു"എന്ന് അവൻ പറഞ്ഞപ്പോൾ, ആ വാക്കിനാൽ അവർ ഭയവിഹ്വലരായി. പിടികൂടുവാൻ വന്നവർ,"പിൻവാങ്ങി നിലത്തുവീണു"(18:6). അവർക്ക് സ്വയം ഏൽപ്പിച്ചുകൊടുക്കുവാൻ കർത്താവിന് മനസ്സില്ലായിരുന്നുവെങ്കിൽ, അവർക്കൊരിക്കലും അവനെ പിടിക്കുവാൻ കഴിയുകയില്ലായിരുന്നു എന്ന് ഇത് തെളിയിക്കുന്നു. മാത്രമല്ല, പടയാളികൾ കർത്താവിനെ പിടിക്കുമ്പോൾ ലാഘവത്തോടെയും ശാന്തമായും ശിഷ്യന്മാർക്കുവേണ്ടി കരുതിക്കൊണ്ട് അവൻ,"എന്നെ ആകുന്നു തിരയുന്നതെങ്കിൽ അവർ പൊയ്ക്കൊള്ളട്ടെ"എന്നു പറഞ്ഞു(18:8). കർത്താവ്, മരണത്തിൽ വെളിപ്പെട്ട ജീവൻ ആയിരുന്നു എന്നും മരണത്തിന് അവനെ യാതൊന്നും ചെയ്യുവാൻ കഴിയുകയില്ലായിരുന്നു എന്നും ആണ് ഇവയെല്ലാം വെളിപ്പെടുത്തുന്നത്.

## പുനരുത്ഥാനം ആത്മാവിൽ

കർത്താവ് മനുഷ്യനിൽ ദൈവം ആണെന്ന് ഒന്നു മുതൽ പതിനേഴ് വരെയുള്ള അദ്ധ്യായങ്ങൾ കാണിക്കുന്നു; കർത്താവ് മരണത്തിൽ ജീവൻ ആണെന്ന് പതിനെട്ടും പത്തൊമ്പതും അദ്ധ്യായങ്ങൾ വെളിപ്പെടുത്തുന്നു; ഇപ്പോൾ ഇരുപതും ഇരുപത്തിയൊന്നും അദ്ധ്യായങ്ങൾ കർത്താവിനെ പുനരുത്ഥാനത്തിൽ ആത്മാവ് ആയി പ്രദർശിപ്പിക്കുന്നു. കർത്താവ് ദൈവവും, കർത്താവ് ജീവനും, കർത്താവ് പുനരുത്ഥാനവും ആണ്. മനുഷ്യനിലൂടെ ദൈവം വെളിപ്പെടുന്നു; മരണത്തിലൂടെ ജീവൻ വെളിപ്പെടുന്നു; പരിശുദ്ധാത്മാവിലൂടെ പുനരുത്ഥാനം വെളിപ്പെടുന്നു. യോഹന്നാന്റെ സുവിശേഷത്തിന്റെ മൂന്നു

ഭാഗങ്ങളിൽ ആദ്യഭാഗത്ത് കർത്താവ് ദൈവമായും, രണ്ടാം ഭാഗത്ത് കർത്താവ് ജീവനായും, അവസാനഭാഗത്ത് കർത്താവ് പുനരുത്ഥാന മായും നമുക്കുണ്ട്. അങ്ങനെ, അവൻ ദൈവവും, ജീവനും പുനരു ത്ഥാനവും ആണ്. ആദ്യത്തെ പതിനേഴ് അദ്ധ്യായങ്ങളിൽ കർത്താവ് ദൈവമായി മനുഷ്യനിലായിരുന്നു; അടുത്ത രണ്ട് അദ്ധ്യായങ്ങളിൽ കർത്താവ് ജീവനായി മരണത്തിലായിരുന്നു; ഒടുവിലത്തെ രണ്ട് അദ്ധ്യായങ്ങളിൽ കർത്താവ് പുനരുത്ഥാനമായി ആത്മാവ് ആണ്. ഇത് മൂന്നു ഘട്ടങ്ങളിൽ കർത്താവ് ആണ്.

കർത്താവിന്റെ പുനരുത്ഥാനത്തിന്റെ യാഥാർത്ഥ്യമാണ് ആത്മാവ്. കർത്താവിന്റെ പുനരുത്ഥാനത്തിനുശേഷം, അവൻ എന്താണ്? അവൻ ആത്മാവാണ്; ആത്മാവ് എന്ന നിലയിൽ അവൻ പുനരുത്ഥാനവും ആണ്."ഞാൻ പുനരുത്ഥാനവും ജീവനും ആകുന്നു"എന്ന് 11:25-ൽ കർത്താവ് മാർത്തയോട് വ്യക്തമായി പറഞ്ഞു. അവൻ ജീവൻ മാത്ര മല്ല-അവൻ പുനരുത്ഥാനവും ആണ്. ദൈവമായ കർത്താവിനെ യാണോ ജീവനായ കർത്താവിനെയാണോ പുനരുത്ഥാനമായ കർ ത്താവിനെയാണോ നിങ്ങൾ ഏറെ ഇഷ്ടപ്പെടുന്നത്? പുനരുത്ഥാ നമായ കർത്താവിനെയാണ് ഞാൻ ഏറെ ഇഷ്ടപ്പെടുന്നത്, കാരണം പുനരുത്ഥാനത്തിലാണ് ദൈവത്തിന് നമ്മോട് ഒന്നായിരിക്കുവാൻ കഴിയുന്നതും, നമുക്ക് ദൈവത്തെ അനുഭവമാക്കുവാൻ കഴിയുന്നതും. കർത്താവിന്റെ പുനരുത്ഥാനത്തിൽ മാത്രമാണ് നമുക്ക് കർത്താവു മായി അനുഭവനിഷ്ഠമായ ഒരു ബന്ധത്തിൽ ആയിരിക്കുവാൻ കഴി യുന്നത്. പുനരുത്ഥാനത്തിലാണ് നമുക്ക് ദൈവത്തിൽ ആയിരിക്കു വാൻ കഴിയുന്നത്. ദൈവം, ദൈവം മാത്രമായിരുന്നുവെങ്കിൽ, അവന് ജീവൻ ആയിരിക്കുവാൻ കഴിയുകയില്ലായിരുന്നു. മനുഷ്യനുമായി ഒരു ബന്ധവും ഉണ്ടായിരിക്കുവാൻ കഴിയുകയില്ലായിരുന്നു. ദൈവത്തിന് ജീവൻ ആയിരിക്കുന്നത്, കേവലം ദൈവമായിരിക്കുന്നതിനെക്കാൾ വളരെയേറെ നല്ലതാണ്. എന്നാൽ, ദൈവം ജീവൻ മാത്രമായിരു ന്നാൽപോലും, നമുക്ക് അവനുമായുള്ള കൂട്ടായ്മയുടെ യഥാർത്ഥ ബന്ധം ഉണ്ടായിരിക്കുവാൻ അപ്പോഴും ഏറെ ബുദ്ധിമുട്ടായിരിക്കും. എന്നാൽ, പുനരുത്ഥാനത്തിൽ, ദൈവത്തിന് നമ്മോട് ഒന്നായിരിക്കു വാനും വളരെ അനുഭവനിഷ്ഠമായ വിധത്തിൽ നമുക്ക് അവനെ അനു ഭവമാക്കുവാനും കഴിയും. ദൈവം നിങ്ങളിൽനിന്ന് എത്രമാത്രം അക ലെയായിരുന്നു എന്ന് നിങ്ങൾ എപ്പോഴെങ്കിലും മനസ്സിലാക്കിയി ട്ടുണ്ടോ? അവൻ ദൈവം മാത്രമായിരുന്നപ്പോൾ അവൻ നമ്മിൽനിന്ന് വളരെയേറെ ദൂരെയായിരുന്നു. എന്നാൽ ഇപ്പോൾ അവൻ പുനരു ത്ഥാനത്തിലായതുകൊണ്ട് അവൻ നമ്മുടെ അടുത്തുണ്ട്, കാരണം അവൻ നമ്മിലേക്ക് വന്നിരിക്കുന്നു.

Wed — കർത്താവ് തന്റെ പുനരുത്ഥാനത്തിനുശേഷം, തന്റെ ശിഷ്യന്മാ രുടെ അടുത്തേക്ക് വരുകയും,"പരിശുദ്ധാത്മാവിനെ കൈക്കൊള്ളു

വിൻ"എന്നുപറഞ്ഞുകൊണ്ട് അവരിലേക്ക് ഊതുകയും ചെയ്തു(20:22). എന്താണ് പരിശുദ്ധാത്മാവ്? ദൈവം മനുഷ്യന്റെ അടുക്കൽ എത്തുന്നതാണ് ആത്മാവ്. പിതാവായ ദൈവം ഉറവിടവും പുത്രനായ ദൈവം ആവിഷ്കാരവും ആത്മാവായ ദൈവം മനുഷ്യനിലേക്കുള്ള ദൈവത്തിന്റെ പ്രവേശനവുമാണ്. ദൈവത്തിന്റെ ആത്മാവ് നമ്മിലേക്ക് പ്രവേശിക്കുന്നത് നമ്മുടെ ആസ്വാദനത്തിനുവേണ്ടി ആണ്. ദൈവം പിതാവ് മാത്രമായിരിക്കുകയും പുത്രനും ആത്മാവും അല്ലാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ, നമുക്കൊരിക്കലും അവനെ അനുഭവമാക്കുവാൻ കഴിയുമായിരുന്നില്ല. എന്നാൽ ദൈവം ജീവനായി പുത്രനിൽ ഉണ്ട്. ദൈവം പുനരുത്ഥാനമായി ആത്മാവും ആണ്. പുനരുത്ഥാനത്താൽ ദൈവം സ്വയം പുറത്തുവരുകയും നമ്മിലേക്ക് സ്വയം പകരുകയും ചെയ്യുന്നു. അതുകൊണ്ട്, കർത്താവ് ശിഷ്യന്മാരോട് പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവാൻ പറഞ്ഞു. പരിശുദ്ധാത്മാവിനെ കൈക്കൊള്ളുക എന്നാൽ ദൈവത്തെത്തന്നെ കൈക്കൊള്ളുക എന്നാണ്. പുനരുത്ഥാനത്തിലും പുനരുത്ഥാനത്താലുമാണ് ദൈവത്തിന് നമ്മിലും നമ്മോടൊത്തും ആയിരിക്കുവാൻ കഴിയുന്നത്.

ദൈവം ജീവൻ മാത്രമല്ല, പിന്നെയോ അവൻ പുനരുത്ഥാനവും ആണ് എന്നത് നിങ്ങൾ മനസ്സിലാക്കുന്നുവോ? ഇത് നിങ്ങൾക്ക് ഒരു വസ്തുതയും യാഥാർത്ഥ്യവും ആണോ? അതോ ഇത് വെറുമൊരു പഠിപ്പിക്കലും ഉപദേശവും ആണോ? ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളാൽ ദൈവം നമ്മുടെ ഉള്ളിൽ പുനരുത്ഥാനമായി ജീവിക്കുന്നു. ഇത് നമുക്ക് വെറുമൊരു ഉപദേശം ആയിരിക്കരുത്. ശക്തിയേറിയവനും എല്ലാറ്റിനേക്കാളും ബലമുള്ളവനുമായവൻ നമ്മിൽ ജീവിക്കുന്നു. ജീവൻ ആയിത്തീർന്ന ദൈവംതന്നെയാണ് ഇവൻ; ഈ ജീവൻ നമ്മുടെ ഉള്ളിൽ ഇപ്പോൾ പുനരുത്ഥാനവും ആണ്. ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവാണ് ഈ പുനരുത്ഥാനത്തിന്റെ യാഥാർത്ഥ്യം. അതുകൊണ്ട്, അവനും നാമും, നാമും അവനും, ഒന്നായിത്തീർന്നിരിക്കുന്നു. പുനരുത്ഥാനം എന്നാൽ ദൈവത്തിന്റെയും മനുഷ്യന്റെയും ആത്മാവിലുള്ള അത്ഭുതകരമായ ഇഴുകിച്ചേരൽ എന്നാണർത്ഥം. പുനരുത്ഥാനത്തിൽ, ദൈവവും മനുഷ്യനും പരസ്പരം ഇഴുകിച്ചേർന്നിരിക്കുന്നു. മനുഷ്യൻ ദൈവത്തിന്റെ വാസസ്ഥലവും, ദൈവം മനുഷ്യന്റെ വാസസ്ഥലവും ആയിത്തീരുന്നു. അതുകൊണ്ട്, മനുഷ്യനും ദൈവത്തിനും, ദൈവത്തിനും മനുഷ്യനും പരസ്പരം വസിക്കുവാൻ കഴിയുന്നു.

## പരസ്പരനിവാസം യോഹന്നാന്റെ ലേഖനത്തിൽ

വസിക്കുന്നു എന്ന വസ്തുത പുതിയനിയമ ലേഖനങ്ങളിൽ പറഞ്ഞിരിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിനുശേഷം, യോഹന്നാന്റെ ലേഖനങ്ങളുണ്ട്. തന്റെ ഒന്നാം ലേഖനത്തിൽ, പരസ്പരനിവാസം എന്ന വിഷയം യോഹന്നാൻ വിവരിക്കുന്നു. നാം ദൈവ

ത്തിൽ വസിക്കുന്നു, ദൈവം നമ്മിലും വസിക്കുന്നു(1 യോഹ.4:15). ദൈവം നമ്മിൽ വസിക്കുന്നു എന്നും നാം അവനിൽ വസിക്കുന്നു എന്നും നമുക്ക് എങ്ങനെയറിയാം? ദൈവം നമ്മിൽ വസിക്കുന്നത് ആത്മാവിനാലും(1 യോഹ.3:24), നാം അവനിൽ വസിക്കുന്നത് അഭിഷേകത്താലും ആണ്(1 യോഹ.2:27) എന്നും നമുക്കറിയാം. ദൈവം നമ്മിൽ വസിക്കുകയും നാം അവനിൽ വസിക്കുകയും ചെയ്യേണ്ടത് ഇന്നത്തെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. പരിശുദ്ധാത്മാവിനാൽ ദൈവം നമ്മിൽ വസിക്കുന്നു, പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ നാം അവനിൽ വസിക്കുന്നു.

## കെട്ടുപണി വെളിപ്പാടിൽ

ഈ പരസ്പരനിവാസത്തിന്റെ ഫലം എന്താണ്? യോഹന്നാന്റെ അവസാന പുസ്തകമായ വെളിപ്പാട് പുസ്തകം അനുസരിച്ച്, ഫലം, സ്ഥലംസഭകളും മന്ദിരവും നഗരവുമാണ്. ദൈവത്തിന്റെ കെട്ടുപണിയുടെ വിവിധ വശങ്ങളായ സഭകളെയും (1:11,20) മന്ദിരത്തെയും (3:12;7:15) നഗരത്തെയും (21:2,10) വെളിപ്പാട് പുസ്തകം പരാമർശിക്കുന്നു. പരസ്പരനിവാസത്തിൽനിന്നാണ് കെട്ടുപണി ഉളവാകുന്നത്. നാം ദൈവത്തിൽ വസിക്കുകയും ദൈവം നമ്മിൽ വസിക്കുകയും ചെയ്യുമ്പോൾ, നാം ദിവ്യജീവനിൽ കെട്ടുപണി ചെയ്യപ്പെടുന്നു. തന്റെ പുനരുത്ഥാനത്തിൽ, ഒരു വശത്ത് കർത്താവ് സ്വർഗ്ഗത്തിലും, മറുവശത്ത്, അവൻ നമ്മിലും ആണ്. ഈ രണ്ടു വശങ്ങളും യോഹന്നാന്റെ എഴുത്തുകളിൽ കാണാം. ഉദാഹരണത്തിന്, യോഹന്നാൻ 21:22-ൽ അപ്പൊസ്തലനായ യോഹന്നാനെക്കുറിച്ച് കർത്താവ്, പത്രൊസിനോട് ഇങ്ങനെ പറഞ്ഞു,"ഞാൻ വരുന്നതുവരെ ഇവൻ ഇരിക്കണം എന്ന് എനിക്ക് ആഗ്രഹമുണ്ടെങ്കിൽ, അതിന് നിനക്ക് എന്ത്?"ഞാൻ അവിടെ ഉണ്ടായിരുന്നുവെങ്കിൽ, ഇങ്ങനെ പറയുമായിരുന്നു,"കർത്താവേ, നീ ഇവിടെയല്ലേ? നീ ഇവിടെത്തന്നെ ആയിരിക്കുമ്പോൾ നീ വരുമെന്ന് പറയുന്നത് എന്തുകൊണ്ടാണ്?"ഈ ചോദ്യത്തിന് മറുപടി പറയുവാൻ കർത്താവിന്റെ രണ്ടു ഭാവങ്ങളും നാം കാണേണ്ടതുണ്ട്. ഒരു വശത്ത്, കർത്താവ് സ്വർഗ്ഗത്തിലാണ്; മറുവശത്ത്, അവൻ നമ്മോടുകൂടെയും നമ്മുടെ ഉള്ളിലും ആണ്. കർത്താവ് ഏഴുസഭകളുടെ ഇടയിൽ ആണ്(1:13)എന്നും, അവൻ സ്വർഗ്ഗത്തിൽ സിംഹാസനത്തിൽ ആണ്(4:2)എന്നും വെളിപ്പെടുത്തിക്കൊണ്ട് വെളിപ്പാട് പുസ്തകം രണ്ടു വശങ്ങളും വെളിപ്പെടുത്തുന്നു. കർത്താവിന്റെ സാന്നിദ്ധ്യം നാം മനസ്സിലാക്കണമെങ്കിൽ, അവൻ സ്വർഗ്ഗത്തിൽ മാത്രമല്ല, ഏഴുസഭകളുടെ ഇടയിലും ആണ് എന്ന് നാം കാണണം.

കർത്താവിന്റെ സാന്നിദ്ധ്യം നാം അനുഭവിച്ചറിയുന്നുവെങ്കിൽ, നാം ജയാളികളും ദൈവത്തിന്റെ മന്ദിരത്തിൽ തൂണുകളും ആയിരിക്കും എന്ന് വെളിപ്പാട് 3:12 നമ്മോട് പറയുന്നു. മന്ദിരം ആശ്രയിക്കുന്നത്

തൂണിനെയാണ്. മന്ദിരം ദൈവത്തിന്റെ സാന്നിദ്ധ്യത്തെ മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. അതുകൊണ്ട് ദൈവത്തിന്റെ സാന്നിദ്ധ്യം ഒരു തൂണ് എന്ന നിലയിലുള്ള നമ്മുടെ അനുഭവത്തെ ആശ്രയിച്ചിരിക്കുന്നു. തൂണ് എവിടെയുണ്ടോ, അവിടെ ദൈവത്തിന്റെ മന്ദിരമുണ്ട്. ഇതിന്റെ അർത്ഥം, നിങ്ങൾ എവിടെയാണോ, അവിടെ കർത്താവിന്റെ സാന്നിദ്ധ്യമുണ്ട് എന്നാണ്. നിങ്ങൾ മന്ദിരത്തിലെ ഒരു തൂണാണെങ്കിൽ, ദൈവത്തിന്റെ സാന്നിദ്ധ്യം ആശ്രയിക്കുന്നത് നിങ്ങളെയാണ്.

വെളിപ്പാട് 3:12-ൽ പരാമർശിച്ചിരിക്കുന്ന തൂണിന്മേൽ മൂന്നു നാമങ്ങൾ എഴുതിയിട്ടുണ്ട്: ദൈവത്തിന്റെ നാമവും പുതിയ യെരുശലേമിന്റെ നാമവും കർത്താവിന്റെ പുതിയ നാമവും. ഇതിനർത്ഥം, ദൈവത്തിന്റെ ആവിഷ്കാരംതന്നെയും പ്രത്യക്ഷതയും ആയിത്തീരുന്ന വിജയി ആണ് ഈ തൂണ് എന്നാണ്. അവൻ ദൈവത്തിന്റെ വെളിപ്പാട് ആയതുകൊണ്ട്, ദൈവത്തിന്റെ നാമം അവന്റെമേൽ എഴുതിയിരിക്കുന്നു; അവൻ പുതിയ യെരുശലേമിന്റെ പ്രധാന ഭാഗമാകയാൽ, പുതിയ യെരുശലേമിന്റെ നാമം അവന്റെമേൽ എഴുതിയിരിക്കുന്നു; അവൻ കർത്താവിന്റെ പുതിയ വെളിപ്പാട് ആയതുകൊണ്ട്, കർത്താവിന്റെ പുതിയ നാമം അവന്റെമേൽ എഴുതിയിരിക്കുന്നു. തൂണ് ദൈവത്തിന്റെ വെളിപ്പാട് ആയതുകൊണ്ട് ദൈവത്തിന്റെ നാമം തൂണിന്മേൽ എഴുതിയിരിക്കുന്നു. പുതിയ യെരുശലേമിന്റെ നാമവും അതിന്മേൽ എഴുതിയിരിക്കുന്നത് എന്തുകൊണ്ടാണ്? കാരണം അത് പുതിയ യെരുശലേമിന്റെ ഒരു ഭാഗമായിത്തീർന്നിരിക്കുന്നു എന്നതാണ്. അതുപോലെ, കർത്താവിന്റെ പുതിയ നാമവും തൂണിന്മേൽ എഴുതിയിരിക്കുന്നു, കാരണം അത് കർത്താവിന്റെതന്നെ പുതിയ പ്രത്യക്ഷതയായിത്തീർന്നിരിക്കുന്നു.

യോഹന്നാൻ അവസാനമായി എഴുതിയ വെളിപ്പാട് പുസ്തകത്തിൽ സഭകളും മന്ദിരവും പട്ടണവും ഉണ്ട്. മന്ദിരം തൂണുകളെ ആശ്രയിക്കുന്നു എന്നതിന്റെ അർത്ഥം ദൈവത്തിന്റെ സാന്നിദ്ധ്യം ജയിക്കുന്നവരെ ആശ്രയിച്ചിരിക്കുന്നു എന്നാണ്. അവർ എവിടെയാണോ, അവിടെയാണ്, ദൈവത്തിന്റെ സാന്നിദ്ധ്യം, അവിടെയാണ്, പുതിയ യെരുശലേം അഥവാ ദൈവത്തിന്റെ കെട്ടുപണി. ദൈവവും മനുഷ്യനുമായുള്ള ഇഴുകിച്ചേരലിന്റെ ആത്യന്തിക വെളിപ്പാടാണ് പുതിയ യെരുശലേം.

## പ്രായോഗിക അനുഭവം

ഈ അനുഭവം എങ്ങനെ പ്രായോഗികമാക്കാം എന്ന് ഇനി നമുക്ക് കാണണം. യോഹന്നാന്റെ സുവിശേഷത്തിലെ അവസാനത്തെ രണ്ട് അദ്ധ്യായങ്ങളിൽ നാം വഴി കണ്ടുകഴിഞ്ഞു. നമുക്ക് ദൈവത്തെ പുനരുത്ഥാനത്തിൽ അനുഭവമാക്കണമെങ്കിൽ, ആത്മാവായി നമുക്ക് ദൈവത്തെ അനുഭവമാക്കണമെങ്കിൽ, ദൈവവും നാമും പരസ്പരം ഇഴു

കിച്ചേർന്നിരിക്കുന്ന മാർഗ്ഗത്തിൽ നമുക്ക് ദൈവത്തെ അനുഭവമാക്കണമെങ്കിൽ, കർത്താവിന്റെ സാന്നിദ്ധ്യത്തിനുവേണ്ടി ഒരു തൂണായിരിക്കുന്നത് അനുഭവമാക്കണമെങ്കിൽ, ദൈവത്തിന്റെ പുതിയ നാമവും, പുതിയ യെരുശലേമിന്റെ നാമവും കർത്താവിന്റെ നാമവും നമ്മുടെമേൽ എഴുതുന്നത് നമുക്ക് അനുഭവമാക്കണമെങ്കിൽ, നാം മഗ്ദലനക്കാരി മറിയയെപ്പോലെ, കർത്താവിനെ അന്വേഷിക്കണം. മറിയ അവനെ അതിരാവിലെ അന്വേഷിച്ചു. അവനെ അന്വേഷിക്കുന്നതോടൊപ്പം, കർത്താവ് പുനരുത്ഥാനം ചെയ്തു എന്നും, അവന്റെ സാന്നിദ്ധ്യം കാഴ്ചയാലല്ലാതെ, വിശ്വാസത്താൽ മനസ്സിലാക്കിക്കൊണ്ട് അവനിപ്പോൾ നമ്മോടൊത്തുണ്ട് എന്നും, നാം വിശ്വസിക്കണം."ആണിപ്പാടുകൾ ഞാൻ അവന്റെ കൈകളിൽ കാണുകയും ആണിപ്പാടുകളിലേക്ക് ഞാൻ എന്റെ വിരൽ ഇടുകയും, അവന്റെ വിലാപ്പുറത്ത് എന്റെ കൈ ഇടുകയും ചെയ്തിട്ടല്ലാതെ ഞാൻ വിശ്വസിക്കുകയില്ല"(20:25)എന്നു പറഞ്ഞ തോമസ് സഹോദരനെപ്പോലെ നാം ആകരുത്. കർത്താവിനെ കാണുകയോ തൊടുകയോ സ്പർശിക്കുകയോ ചെയ്യാതെ നാം അവനിൽ വിശ്വസിക്കണം. മാത്രമല്ല, നാം സഭായോഗങ്ങളിൽ സംബന്ധിക്കണം. യോഗങ്ങൾ അവഗണിക്കരുത്. രാവിലെ പ്രഭാതയാമത്തിൽ നാം വ്യക്തിപരമായി കർത്താവിനെ അന്വേഷിക്കണം; എന്നാൽ, വൈകുന്നേരത്ത്, നാം സഭായോഗങ്ങളിൽ പങ്കെടുക്കണം.

നാം കർത്താവിനെ അന്വേഷിക്കുമ്പോൾ, നമ്മുടെ ഉപജീവനത്തെ സംബന്ധിച്ച പ്രായോഗിക കാര്യങ്ങൾ നിമിത്തം നാം വിഷമിക്കരുത്. കർത്താവിനെ അന്വേഷിക്കുകയും, അവനിൽ വിശ്വസിക്കുകയും, സഭായോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്നതിനു പുറമേ, നമ്മുടെ ഉപജീവനത്തിനുവേണ്ടി നാം കർത്താവിൽ വിശ്വസിക്കുകകൂടി വേണം. കർത്താവിന്റെ വാഗ്ദാനം ഓർക്കുക: "മുമ്പേ അവന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിക്കുവിൻ; അതോടുകൂടെ ഇവയൊക്കെയും നിങ്ങൾക്ക് കിട്ടും"(മത്താ.6:33). ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും നാം അന്വേഷിക്കുന്നുവെങ്കിൽ, ദൈവം തീർച്ചയായും നമ്മുടെ ഉപജീവനം ശ്രദ്ധിച്ചുകൊള്ളും. മീൻപിടിക്കുവാൻ സ്വമേധയാ പുറപ്പെടരുത്. സ്വമേധയാ ഒരു ഉപജീവനം സമ്പാദിക്കുവാനായി ശ്രമിച്ചാൽ, നിങ്ങൾ പരാജയപ്പെടുകയും ഒടുവിൽ യാതൊന്നും ലഭിക്കാതാവുകയും ചെയ്യും. മീൻ ഇല്ലാത്ത കരയിൽപോലും മീൻ ഒരുക്കുവാൻ കർത്താവിന് കഴിയും എന്ന് യോഹന്നാൻ 21 വെളിപ്പെടുത്തുന്നത് ഓർക്കുക. പാകം ചെയ്യപ്പെട്ട മീൻ കർത്താവ് നമുക്ക് നൽകും.

അവസാനമായി, പത്രൊസിന്റെ ജീവിതം എന്ന പാഠം നാം പഠിക്കുകയും തകർക്കപ്പെടുന്നതായ അനുഭവം നമുക്ക് ഉണ്ടായിരിക്കുകയും

ചെയ്യണം. നിങ്ങൾ ശക്തനാണെന്ന് വിശ്വസിക്കരുത്. നിങ്ങളുടെ സ്വാഭാവിക ജീവനിൽ നിങ്ങൾ ശക്തനായിരിക്കാം. എന്നാൽ ഈ ശക്തി തകർക്കപ്പെടണം. കർത്താവ് ആഗ്രഹിക്കുന്നത് നിങ്ങളുടെ ശക്തിയെയല്ല, നിങ്ങളുടെ ഹൃദയത്തെയാണ്. നമ്മുടെ പൂർണ്ണ ഹൃദയത്തോടെ കർത്താവിനെ നാം സ്നേഹിക്കുന്നതുവരെ, നമ്മുടെ സ്വയത്തോട് ഇടപെടണം. നമ്മുടെ ശക്തി ഉപേക്ഷിച്ച്, നാം കർത്താവിനെ സ്നേഹിക്കണം. നാം കണ്ടതുപോലെ, പത്രൊസിന് രണ്ട് വലിയ പരാജയങ്ങൾ സംഭവിച്ചു: കർത്താവിന്റെ സാന്നിദ്ധ്യത്തിൽ മൂന്നു പ്രാവശ്യം അവനെ തള്ളിപ്പറഞ്ഞതും, കർത്താവിന്റെ നിയോഗം ഉപേക്ഷിച്ചുകൊണ്ട് മീൻപിടിക്കുവാൻ പോയതും. പത്രൊസ് കർത്താവിനെ തള്ളിപ്പറയുകയും പിന്നീട് ഉപജീവനത്തിനുവേണ്ടി ലോകത്തിലേക്ക് പോകുവാൻ നേതൃത്വം കൊടുക്കുകയും ചെയ്തു. എന്നാൽ കർത്താവ് അവനെ കണ്ട്,“യോഹന്നാന്റെ മകനായ ശിമോനെ, ഇവരിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?”(21:15)എന്ന് ചോദിച്ചു. പത്രൊസ് പാഠം പഠിക്കുകയും ഒരു തകർക്കപ്പെട്ട മനുഷ്യനായിത്തീരുകയും ചെയ്തതായി ഇരുപത്തിയൊന്നാം അദ്ധ്യായത്തിൽ നാം കാണുന്നു. പിന്നീട് കർത്താവ് അവനോട് ഇങ്ങനെ പറയുന്നതായി കരുതാം,“പത്രൊസേ, നീ എന്നെ അനുഗമിക്കുക, എനിക്കുവേണ്ടി പ്രവർത്തിക്കുക, എന്റെ ആടുകളെ തീറ്റുകയും അവയെ മേയിക്കുകയും, എന്റെ സഭയെ കെട്ടുപണിയുകയും ചെയ്യുക.”

നാം അനുഭവമാക്കേണ്ടതായ അഞ്ചു കാര്യങ്ങൾ നമുക്കെല്ലാം ഓർത്തിരിക്കാം: കർത്താവിനെ അന്വേഷിക്കുന്നത്, കർത്താവിൽ വിശ്വസിക്കുന്നത്, യോഗങ്ങൾക്ക് വരുന്നത്, നമ്മുടെ ഉപജീവനത്തിനുവേണ്ടി കർത്താവിൽ വിശ്വസിക്കുന്നത്, നമ്മുടെ സ്വാഭാവിക മനുഷ്യനിൽ തകർക്കപ്പെട്ടവരായിരിക്കുന്നത് എന്നിവ. നമ്മുടെ സ്വാഭാവിക മനുഷ്യൻ എത്രമാത്രം ശക്തനും ബുദ്ധിമാനും ജ്ഞാനിയും ആയിരുന്നാലും, അത് തകർക്കപ്പെടണം. നമ്മുടെ സ്വാഭാവികമായ ശക്തിയും ബുദ്ധിയും ജ്ഞാനവും നാം ഉപേക്ഷിക്കണം. കർത്താവിന് നമ്മുടെ ഹൃദയം വേണം. അവന് നമ്മുടെ ശക്തി ആവശ്യമില്ല. നാം ശക്തരാണ് എന്ന് ചിന്തിക്കുമ്പോൾ, നാം തോൽക്കും. നമ്മുടെ സ്വാഭാവിക ശക്തിയും സ്വാഭാവിക ബുദ്ധിയും സ്വാഭാവിക ജ്ഞാനവും ഉപേക്ഷിക്കണം എന്ന പാഠം എന്തുകൊണ്ട് നാം പഠിക്കണം? കാരണം കർത്താവ് തന്നെ ആയിരിക്കണം നമ്മുടെ ശക്തിയും നമ്മുടെ ജ്ഞാനവും സർവ്വവും. നാം അവനോട് സഹകരിക്കുകയും നമ്മുടെ ജീവൻ ആയിരിക്കുവാനുള്ള അവസരം നാം അവന് നൽകുകയും ചെയ്യത്തക്കവണ്ണം അവനെ സ്നേഹിക്കുവാൻ നമ്മുടെ ഹൃദയം അവന് വേണം. നമ്മുടെ ശക്തിയും ജ്ഞാനവും ബുദ്ധിയും അവന് ആവശ്യമില്ലെങ്കിലും, നമ്മുടെ സഹകരണം അവന് തീർച്ചയായും

ആവശ്യമാണ്. നാം അവനെ സ്നേഹിക്കുന്നുവെങ്കിൽ, നാം അവനോട് സഹകരിക്കുകയും, നമ്മിൽ ജീവിക്കുവാൻ അവന് അവസരം നൽകുകയും ചെയ്യും. അപ്പോൾ നാമും, ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ അവൻ ആയിരുന്നതുപോലെ ആകും. അവൻ ദൈവത്തിന്റെ ജീവനാൽ ജീവിച്ചതുപോലെ നാമും ജീവിക്കും. അപ്പോൾ നാം പുനരുത്ഥാനം അനുഭവമാക്കും. കർത്താവ്, മനുഷ്യനിലുള്ള ദൈവം മാത്രമല്ല, മരണത്തിലുള്ള ജീവനും ആത്മാവിലുള്ള പുനരുത്ഥാനവും ആണെന്ന് നാം അനുഭവമാക്കും. നാം അവനെ അന്വേഷിക്കുകയും അവനിൽ വിശ്വസിക്കുകയും വിശുദ്ധന്മാരോടൊത്ത് കൂടിവരുകയും നമ്മുടെ ഉപജീവനത്തിന്റെ കാര്യം മറക്കുകയും സ്വാഭാവിക മനുഷ്യനെ ഉപേക്ഷിക്കണം എന്ന പാഠം പഠിക്കുകയും ചെയ്താൽ, ആത്മാവിലുള്ള പുനരുത്ഥാനമായി നാം ക്രിസ്തുവിനെ അനുഭവമാക്കും. നാം ഇതെല്ലാം ചെയ്താൽ, കർത്താവ് നമ്മുടെ യാഥാർത്ഥ്യമാകും. ദൈവത്തിന്റെ വെളിപ്പാടിനുവേണ്ടി ഒരു തൂണായിരിക്കുക, പുതിയ യെരുശലേമിന്റെ ഒരു ഭാഗമായിരിക്കുക, ക്രിസ്തുവിന്റെ പുതിയ ആവിഷ്കാരമായിരിക്കുക, എന്നതിന്റെയെല്ലാം അർത്ഥം ഇതാണ്.